**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി സർവകലാശാല പഠന വകുപ്പുകൾ സെന്ററുകൾ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിലെ എല്ലാ കോഴ്സുകളിലും രണ്ട് അധിക സീറ്റുകൾ അനുവദിച്ചു കൊണ്ടും പ്രവേശനത്തിനുള്ള പ്രായപരിധി നീക്കം ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സിംഗിൾ വിൻഡോ**

അക്കാഡ്/SWC/11475/2021 തീയതി: 30.07.2021

---

പരാമർശം:-1. G.O.(Ms) No. 153/2018/HEDN dated 03.07.2018

2.22.07.2018 ലെ Acad A3/GEN/2016 നമ്പർ അനൗദ്യോഗിക കുറിപ്പ്

3 . 01.08.2018 തീയതിയിലെ സർക്കുലർ നം. അക്കാദ് SWS/532/2018 Vol II

4. 18.01.2020 തീയതിയിലെ സർവകലാശാലാ ഉത്തരവ് നം. അക്കാഡ്/SWC/4056/2019

5 . G.O.(Ms) No. 295/2021/HEDN dated 07/07/2021

6 . 26.07.2021 തീയതിയിലെ അനൌദ്യോഗിക കുറിപ്പ് നം. Acad/C2/24654/2019

**ഉത്തരവ്**

1. പരാമർശം (1) പ്രകാരം, സർവകലാശാലയിലും അഫിലിയേറ്റഡ് ആർട് സ് & സയൻസ് കോളേജുകളിലും എല്ലാ കോഴ്സുകൾക്കും രണ്ട് അധികസീറ്റ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
2. മേൽ പറഞ്ഞ ഉത്തരവ് നടപ്പിലാക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവ് നൽകിയതായി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.
3. പരാമർശം (3) പ്രകാരം, ട്രാൻസ്ജെൻഡർ അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിനായി സർവകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിലെയും എല്ലാ കോഴ്സുകൾക്കും രണ്ട് അധികസീറ്റ് അനുവദിച്ച് പ്രവേശനം നൽകാൻ കോളേജുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.
4. പരാമർശം(4) പ്രകാരം, ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് യു.ജി. പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി 28 വയസ് ആയി നിശ്ചയിച്ചുകൊണ്ട് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
5. പരാമർശം (5) പ്രകാരം, സർവകലാശാലയിലേയും അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിലേയും പ്രവേശനങ്ങൾക്ക് ട്രാൻസ്ജെൻഡറുകൾക്ക് പ്രായപരിധി (upper & lower age) നീക്കം ചെയ്തു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
6. പരാമർശം (6) പ്രകാരം, സർവ്കലാശാലയിലേയും അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിലേയും പ്രവേശനങ്ങൾക്ക് ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രായപരിധി നീക്കം ചെയ്തത് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തുന്നതിന് വൈസ് ചാൻസലർ ഉത്തരവ് നൽകിയതായി അറിയിച്ചിട്ടുണ്ട്.

7. വൈസ് ചാൻസലറുടെ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2021-22 അധ്യയന വർഷം മുതൽ സർവകലാശാല പഠന വകുപ്പുകൾ, സെന്ററുകൾ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിലെ പ്രവേശനങ്ങൾക്ക് ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് എല്ലാ കോഴ്സുകൾക്കും രണ്ട് അധികസീറ്റ് അനുവദിച്ചു കൊണ്ടും എല്ലാ കോഴ്സുകളിലേക്കുമുള്ള പ്രവേശനങ്ങൾക്ക് പ്രായപരിധി (upper & lower age limit) ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**ബാലചന്ദ്രൻ വി കെ**

**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1.കോളേജ് പ്രിൻസിപ്പാൾമാർ/ പഠന വകുപ്പ് തലവന്മാർ

2.അക്കാദമിക് സി,ഡി വിഭാഗം

3.പരീക്ഷാ വിഭാഗം

4. വെബ് മാനേജർ(വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

5.ഐ.ടി.സെൽ ഡയറക്ടർ

പകർപ്പ്: 1.വി.സി.യുടെ പി.എസ്.

2.പി.വി.സി./രജിസ്ട്രാർ/സി.ഇ. എന്നിവരുടെ പി.എ. മാർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ